"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ ശ്രീമതി. പ്രിയ.എ.വി യുടെ നിയമന അംഗീകാരം സംബന്ധിച്ച് സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4096/2026/GEDN** തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ സർക്കാർ മുൻപാകെ സമർപ്പിച്ച 24/09/2025 തീയതി പുന:പരിശോധന ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം)- ടെ 23/12/2025 തീയതിയിലെ HSE/30921/2025-AcdA2HSE/30921/2025-AcdA2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ ടി സ്കൂളിലെ തന്നെ യു.പി വിഭാഗത്തിലെ ശ്രീമതി. പ്രിയ.എ.വി യുടെ നിയമന അംഗീകാരം നിരസിച്ചതിനെതിരെ വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ സർക്കാർ മുൻപാകെ പരാമർശം (2) പുന:പരിശോധന ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയുടെ അടിസ്ഥാനത്തിൽ 27/12/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന അനുവദിച്ച ഹിയറിംഗിൽ മാനേജർ, മലപ്പുറം ആർ.ഡി.ഡി., പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.

2. **മാനേജർ സമർപ്പിച്ച ഹർജിയിലെ വിഷയം ഇപ്രകാരമായിരുന്നു :**

"എന്റെ മാനേജ്മെന്റിലുള്ള പാലക്കാട് പല്ലശ്ശനയിലെ വി.ഐ.എം.എച്ച്.എസ്.എസ്.-ൽ പ്രിൻസിപ്പൽ ശ്രീമതി. ഇന്ദിര 30.4.2024-ൽ വിരമിച്ചു. അവർ എച്ച്.എസ്.എസ്.ടി കോമേഴ്സ് അദ്ധ്യാപികയായിരുന്നു. ടി ഒഴിവിൽ സ്കൂളിലെ തന്നെ എച്ച്.എസ്.എസ്.ടി കോമേഴ്സ് ജൂനിയർ ആയിരുന്ന ശ്രീമതി. രേണുവിനെ 30.6.2024-ൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.ടി കോമേഴ്സ് സീനിയർ ആയി ബൈ-ട്രാൻസ്ഫർ രീതിയിൽ നിയമിച്ചു. തുടർന്നുണ്ടായ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ ടി സ്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. പ്രിയ

എ.വി.യെ എച്ച്.എസ്.എസ്.ടി ജൂനിയർ ആയി 24.6.2024-ന് നിയമിച്ചു. സ്കൂളിൽ മാനേജ്മെന്റ് തർക്കം നിലവിലുണ്ടായിരുന്നു എങ്കിലും ശ്രീമതി. രേണുവിന്റെ പ്രൊമോഷൻ ബൈ-ട്രാൻസ്ഫർ രീതിയിലുള്ളതായതിനാൽ മാനേജ്മെന്റ് തർക്കം പ്രസക്തമല്ല എന്ന ബഹു. ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാനേജരെ അനുവദിക്കുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറും വ്യക്തമാക്കിയിട്ടുണ്ട്.

തുടർന്ന്, മലപ്പുറം ഹയർ സെക്കന്ററി വിഭാഗം മേഖലാ ഉപമേധാവിക്ക് ശ്രീമതി. പ്രിയ എ.വി.യുടെ എച്ച്.എസ്.എസ്.ടി പ്രൊമോഷൻ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും നേരിട്ടുള്ള നിയമനവും ബൈട്രാൻസ്ഫർ നിയമനവും തമ്മിലുള്ള 75:25 അനുപാതം പാലിക്കപ്പെടുന്നില്ല എന്ന കാരണം പറഞ്ഞ് ആർ.ഡി.ഡി. പ്രിയയുടെ നിയമനത്തിന് അംഗീകാരം നിരസിച്ചു. ടി ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയ അപ്പീലും ഇതേ കാരണം പറഞ്ഞു 29.7.2025-ലെ സൂചന ഉത്തരവ് പ്രകാരം നിരസിക്കുകയാണുണ്ടായത്. ഈ ഉത്തരവുകൾക്കെതിരെയാണ് ബഹു. ഗവൺമെന്റിനു മുമ്പിൽ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

ടി സ്കൂളിൽ കോമേഴ്സ് വിഭാഗത്തിൽ ജൂനിയർ വിഭാഗത്തിൽ അഞ്ചു തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ മൂന്നെണ്ണം നേരിട്ടുള്ള നിയമനം വഴിയും നാലാമത്തേത് ബൈ-ട്രാൻസ്ഫർ വഴിയും അധ്യാപകർ ജോലി ചെയ്തു വരികയായിരുന്നു. ഇപ്പോൾ 2024-ൽ ഉണ്ടായ ഒഴിവിൽ യു.പി.എസ്.ടി ആയി 2017 മുതൽ പ്രസ്തുത സ്കൂളിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. പ്രിയ എ.വി. യെ കൂടി നിയമിക്കുമ്പോൾ 75:25 അനുപാതം മറികടക്കുന്നു എന്നാണ് മലപ്പുറം RDD യും പൊതുവിദ്യാഭ്യാസ ഡയറക്ടറും അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഈ അവസരത്തിൽ താഴെ പറയുന്ന വസ്തുതകൾ കൂടി പരിഗണിക്കുവാൻ അഭ്യർത്ഥിച്ചിരിക്കുന്നു.

1. പ്രിയ.എ.വിയ്ക്ക് നിയമനം അംഗീകാരം ലഭിക്കുന്നതിന് സഹായകരമായ 4.11.2024-ലെ സ.ഉ (അച്ചടി) നമ്പർ 23/2024/GEDN നം. ഉത്തരവു തന്നെയാണ് നിയമന അംഗീകാരം റദ്ദ് ചെയ്യുന്നതിന് ക്വാട്ട് ചെയ്തിട്ടുള്ളത്.
2. മേൽ ഉത്തരവിലെ പാര നമ്പർ 6 പ്രകാരം ഈ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ല എന്ന് പറഞ്ഞിട്ടുണ്ട്. ഇത് ഈ ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് നിയമനം ലഭിച്ചവർക്ക് സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെയാണ്. പ്രിയ.എ.വി ക്ക് നിയമനം നൽകിയിട്ടുള്ളത് ഈ ഉത്തരവ് ഇറങ്ങുന്നതിന് 5 മാസങ്ങൾക്ക് മുമ്പാണ്.
3. സ.ഉ (അച്ചടി) നമ്പർ 23/2024/GEDN നം. ഉത്തരവ് പാര VI പ്രകാരമുള്ള വ്യവസ്ഥകൾക്ക് ഈ ഉത്തരവിന്റെ തീയതി മുതലാണ് പ്രാബല്യം. ഇതിനകം നടത്തിക്കഴിഞ്ഞ എച്ച്.എസ്.എസ്.ടി ജൂനിയർ നിയമനങ്ങൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കേണ്ടതില്ല. നിയമനാംഗീകാരം നൽകാൻ നിലവിലുള്ള കേസുകളിൽ അപ്പലേറ്റ് ഉത്തരവില്ലാതെ തീരുമാനമെടുക്കേണ്ടതാണ്.

ശ്രീമതി. പ്രിയ കഴിഞ്ഞ 8 വർഷമായി യു.പി. വിഭാഗത്തിൽ അദ്ധ്യാപികയായി ജോലി ചെയ്തുവരികയാണ്. നേരിട്ടുള്ള നിയമന മാർഗ്ഗം വഴി നിയമിക്കണമെന്ന് അവകാശവാദം മറ്റാരും

(Rival Claimant) നാളിതുവരെ ഉന്നയിച്ചിട്ടില്ല. പ്രൊമോഷൻ അംഗീകരിക്കപ്പെടാതിരുന്നാൽ 43 വയസ്സ് പിന്നിട്ട പ്രിയക്ക് അടുത്ത കാലത്തൊന്നും എച്ച്.എസ്.എസ്.ടി. യായി നിയമനം കിട്ടാൻ യാതൊരു സാധ്യതയുമില്ല. ആയതിനാൽ അനുഭാവപൂർവ്വമായ പരിഗണന ഉണ്ടായി പ്രിയ എ.വി.യുടെ നിയമനത്തിന് അംഗീകാരം നൽകാൻ നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അടുത്ത ഒഴിവുണ്ടാകുന്ന മുറയ്ക്ക് ആ ഒഴിവ് നേരിട്ടുള്ള നിയമനം വഴി നികത്താമെന്നു മാനേജ്മെന്റ് ഇതിനാൽ ഉറപ്പ് നൽകുകയും ചെയ്യുന്നു. ആയതിനാൽ സർക്കാർ പുറത്തിറക്കിയ 4.11.2024-ലെ സ.ഉ (അച്ചടി) നമ്പർ 23/2024/GEDN ഉത്തരവിലെ പാര (6) നടപ്പിലാക്കിതരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ ചുവടെ ചേർക്കുന്ന പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു:**

പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 5 ജൂനിയർ തസ്തികകളാണ് നിലവിലുള്ളത് എന്ന് കാണുന്നു. ആയതിനാൽ ഒരു ജൂനിയർ പോസ്റ്റ് ബൈട്രാൻസ്ഫർ നൽകുകയും മൂന്ന് ജൂനിയർ പോസ്റ്റിൽ നേരിട്ട് നിയമനം നടത്തുകയും ചെയ്തതായി കാണുന്നു. അഞ്ചാമത്തെ തസ്തികയിലേക്കാണ് ശ്രീമതി. പ്രിയ എ.വി.യെ ബൈട്രാൻസ്ഫർ മുഖേന നിയമിച്ചിരിക്കുന്നത്.

എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലേക്ക് നേരിട്ടും തസ്തികമാറ്റം വഴിയും നിയമനം നടത്തുമ്പോൾ അനുപാതം നിശ്ചിത ശതമാനത്തിൽ കൂടുമ്പോൾ നിയമനം നടത്തുന്നത് സംബന്ധിച്ച് 4.11.2024 തീയതിയിലെ സ.ഉ (അച്ചടി) നം.23/2024/GEDN നം. സർക്കാർ ഉത്തരവ് പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പകുതിക്കു മുകളിൽ വരുന്ന (0.5) ദശാംശം തൊട്ട് മുകളിലെ പൂർണസംഖ്യയായും പകുതിയിൽ താഴെ വരുന്ന ദശാംശം ഒഴിവാക്കി താഴത്തെ പൂർണസംഖ്യയായും കണക്കാക്കി നിയമനം നടത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടി സ്കൂളിൽ 5 എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകൾ ഉള്ളതിൽ 1 ബൈ-ട്രാൻസ്ഫർ നിയമനം മാത്രമേ നടത്താൻ കഴിയുകയുള്ളൂ. ആയതിനാൽ ശ്രീമതി. പ്രിയ എ.വി യുടെ 24.6.2024 മുതലുള്ള എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനം പരിഗണിക്കുവാൻ കഴിയുകയില്ല എന്ന കാരണത്താൽ ടിയാൾ ഈ കാര്യാലയത്തിൽ 02/12/2025 തീയതിയിൽ സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ നിരസിക്കുകയുണ്ടായി എന്ന വിവരം അറിവിലേക്കായി സമർപ്പിച്ചിരിക്കുന്നു.

**4 .** സർക്കാർ ഈ വിഷയം വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്, ഹിയറിങ് സമയത്തെ വാദം, വിഷയം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹയർ സെക്കണ്ടറിയിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകളുടെ നിയമനത്തിന് തസ്തികമാറ്റം : നേരിട്ടുള്ള നിയമനം എന്ന അനുപാതം 25:75 എന്ന ക്രമത്തിലാകണമെന്നും KER അധ്യായം XXX11 റൂൾ 4(3) പ്രകാരം 25% of the total posts shall be filled on seniority suitability basis and 75% of such posts shall be filled by direct recruitment എന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ

എച്ച്.എസ്.എസ്.ടി. ജൂനിയർ നിയമനം നടത്തുമ്പോൾ മേൽ അനുപാതം പാലിക്കേണ്ടത് ടി തസ്തികയുടെ നിലവിലെ കേഡർ സ്ട്രെങ്ത് കണക്കാക്കി നിശ്ചിത rotation പാലിച്ചാവണമെന്നും ഇത്തരത്തിൽ തസ്തികമാറ്റം മുഖേന നിയമിക്കപ്പെട്ടവർ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം 25% അധികരിക്കുവാൻ പാടില്ലെന്നും 27/7/19-ലെ SC1/86/2019/G.Edn നമ്പർ കത്ത്, 8/5/24- ലെ JA2/13/24/G.Edn നമ്പർ സർക്കുലർ എന്നിവ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്ക് നേരിട്ടും തസ്തികമാറ്റം വഴിയും നിയമനം നടത്തുമ്പോൾ ടി അനുപാതം നിശ്ചിത ശതമാനം അധികരിച്ചുവന്നാൽ നിയമനം നടത്തുന്നത് സംബന്ധിച്ച സ്പഷ്ടീകരണമാണ് 4/11/24-ലെ G.O(P) No 23/2024/G.Edn പ്രകാരം നൽകിയിരിക്കുന്നത്. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ തസ്തികമാറ്റ നിയമനം നടത്തുമ്പോൾ അനുപാതം 25% അധികരിക്കുവാൻ പാടില്ല എന്നത് 4/11/24-ലെ G.O(P) No 23/2024/G.Edn പുറപ്പെടുവിക്കും മുൻപ് തന്നെ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും G.O(P) No 23/2024/G.Edn പുറപ്പെടുവിച്ച തിയതിക്ക് അഞ്ചുമാസം മുമ്പാണ് ശ്രീമതി. പ്രിയയുടെ നിയമനമെന്നതിനാലും 4/11/24-ലെ ഉത്തരവിന് മുൻകാല പ്രാബല്യമില്ലാത്തതിനാലും ടി തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനു ആരും വാദമുന്നയിച്ചിട്ടില്ലാത്തതിനാലും എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ ഇനി വരുന്ന മൂന്നു ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കാവുന്നതാണെന്ന മാനേജരുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിലും ശ്രീമതി. പ്രിയയുടെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്നതാണ് മാനേജരുടെ അപേക്ഷ. ടി സ്കൂളിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 5 എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകളാണ് നിലവിലുള്ളത് എന്നും ആയതിൽ ഒരു എച്ച്.എസ്.എസ്.ടി. ജൂനിയർ പോസ്റ്റ് ബൈ-ട്രാൻസ്ഫർ മുഖേന നികത്തുകയും മൂന്ന് എച്ച്.എസ്.എസ്.ടി. ജൂനിയർ പോസ്റ്റിൽ നേരിട്ട് നിയമനം നടത്തുകയും ചെയ്തതായും അഞ്ചാമത്തെ തസ്തികയിലേക്കാണ് ശ്രീമതി. പ്രിയ എ.വി. യെ ബൈട്രാൻസ്ഫർ മുഖേന നിയമിച്ചിരിക്കുന്നതെന്നും മലപ്പുറം മേഖല ഉപമേധാവിയുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടുകൾ പ്രകാരവും ഹിയറിങ് വേളയിൽ ബോധിപ്പിച്ചിരുന്നതു പ്രകാരവും വ്യക്തമാകുന്നതാണ്.

നിലവിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകളുടെ 25% എന്നത് കണക്കാക്കുമ്പോൾ 1.2 എന്നാണ് വരുന്നത് എന്നതിനാൽ ആയതു 2 എന്ന് കണക്കാക്കി രണ്ടു തസ്തികകൾ ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവയ്ക്കുമ്പോൾ ആയതു ആകെ നിയമനത്തിന്റെ 25% അധികരിക്കുമെന്നതിനാൽ ടി നിയമനം 27/7/19-ലെ SC1/86/2019/G.Edn നമ്പർ കത്ത്, 8/5/24-ലെ JA2/13/24/G.Edn നമ്പർ സർക്കുലർ എന്നിവയുടെ ലംഘനമായി കാണാവുന്നതാണ്.

G.O(P) No 23/2024/G.Edn ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അനുപാതം കണക്കാക്കുമ്പോൾ ദശാംശം വരുന്ന സന്ദർഭങ്ങളിൽ പകുതിക്കു (0.5) മുകളിൽ വരുന്ന ദശാംശം തൊട്ട് മുകളിലെ പൂർണ്ണ സംഖ്യയായും, പകുതിയിൽ താഴെ വരുന്ന ദശാംശം ഒഴിവാക്കി താഴത്തെ പൂർണ്ണ സംഖ്യയായും കണക്കാക്കി നിയമനം നടത്തേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ടുള്ളതിനാൽ വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിൽ 5 എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകൾ ഉള്ളതിൽ 1 ബൈ-ട്രാൻസ്ഫർ നിയമനം മാത്രമേ നടത്താൻ കഴിയുകയുള്ളൂ. 5 ജൂനിയർ തസ്തികകളിൽ ഒരു ജൂനിയർ പോസ്റ്റ് ബൈ-ട്രാൻസ്ഫർ നൽകുകയും മൂന്ന് ജൂനിയർ പോസ്റ്റിൽ നേരിട്ട് നിയമനം നടത്തുകയും ചെയ്തിട്ടുള്ളതിനാൽ അഞ്ചാമത്തെ തസ്തികയിലേക്കാണ്

ശ്രീമതി. പ്രിയ എ.വി. യെ ബൈ-ട്രാൻസ്ഫർ മുഖേന നിയമിച്ചിരിക്കുന്നത്. പ്രസ്തുത തസ്തിക 4/11/24-ലെ G.O(P)No.23/2024/G.Edn പ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതായിരുന്നു.

5 . മേൽ സാഹചര്യത്തിൽ, എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലേക്ക് നേരിട്ടും തസ്തികമാറ്റം വഴിയും നിയമനം നടത്തുന്നത് സംബന്ധിച്ച് 4/11/2024 തീയതിയിലെ സ.ഉ.(അച്ചടി)നം.23/2024/GEDN ഉത്തരവിലെ വ്യവസ്ഥകൾക്ക് ഈ ഉത്തരവിന്റെ തീയതി മുതലാണ് പ്രാബല്യമെന്നും ഇതിനകം നടത്തിക്കഴിഞ്ഞ എച്ച്.എസ്.എസ്.ടി ജൂനിയർ നിയമനങ്ങൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കേണ്ടതില്ല എന്നും വ്യക്തമായിട്ടുള്ളതിനാൽ പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി. പ്രിയ എ.വി. യുടെ 24/06/2024 മുതലുള്ള എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് മലപ്പുറം മേഖലാ ഉപമേധാവിക്ക് നിർദ്ദേശം നൽകിയും, ടി മാനേജ്മെന്റിനു കീഴിൽ ഇനി നടത്തുന്ന നിയമനങ്ങൾ മേൽ വ്യവസ്ഥകൾ പാലിച്ചു നടത്തേണ്ടതാണെന്നു മാനേജർക്ക് കർശന നിർദേശം നൽകിയും പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ സമർപ്പിച്ചിരുന്ന പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), ജഗതി, തിരുവനന്തപുരം - 695 014.
മേഖലാ ഉപമേധാവി, ഹയർ സെക്കണ്ടറി വിഭാഗം, മലപ്പുറം -676 505.
മാനേജർ, വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂൾ, പല്ലശ്ശന, പാലക്കാട് 678 505.
ശ്രീമതി. പ്രിയ എ.വി., യു.പി.എസ്.ടി., വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂൾ, പല്ലശ്ശന, പാലക്കാട് - 678 505.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA2/52/2026-G.EDN, തീയതി 07/05/2026)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/215/2025-G.EDN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Ragasmitha V M**
**Date: 22-06-2026 19:01:10**